# പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം

അമ്പലവയൽ 673 593 -വയനാട്

കേരള കാർഷിക സർവ്വകലാശാല

മൊബൈൽ: 9188224421 ഫോൺ:260561/260421 04936

ഇ-മെയിൽ: rarsamb@kau.in/adramb@kau.in


നമ്പർ.ഡി.1536/2024

തീയതി. 25/10/2025

## പുനർ ക്വട്ടേഷൻ

ഈ കേന്ദ്രത്തിലെ പക്ഷി-മൃഗ പരിപാലന യൂണിറ്റിലെ താഴെപ്പറയുന്ന ഇനങ്ങളെ ലേല വ്യവസ്ഥകൾക്ക് വിധേയമായി വിൽക്കാനുണ്ട്. ആവശ്യക്കാരിൽ നിന്നും മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ഇതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം |
|---|---|
| Australian Gold (Pigeon) | 45 |
| Fentail (Pigeon) | 59 |
| Feral (Pigeon) | 58 |
| Modena (Pigeon) | 70 |
| Lahore (Pigeon) | 65 |
| Budge Riger | 38 |
| Guinea pigs | 21 |

### ക്വട്ടേഷൻ സംബന്ധിച്ച മറ്റു വിവരങ്ങൾ

| | |
|---|---|
| കവറിനു പുറത്ത എഴുതേണ്ടത് | പക്ഷി മൃഗാദികളെ പരസ്യലേലം ചെയ്ത് വിൽപ്പന നടത്തുന്നതിനുള്ള ക്വട്ടേഷൻ |
| ലഭിക്കേണ്ട അവസാന തീയതിയും, സമയവും | 04.11.2025 02.00 pm |
| ക്വട്ടേഷനുകൾ തുറക്കുന്ന തീയതിയും, സമയവും | 04.11.2025 02.30 pm |
| ക്വട്ടേഷൻ ലഭിക്കേണ്ട മേൽവിലാസം | അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ, വയനാട്, പിൻകോഡ് –673 593 |

നിബന്ധനകൾ

1. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
2. ക്വട്ടേഷൻ സ്വീകരിക്കുന്നതിന്റെ നിശ്ചിത സമയം കഴിഞ്ഞാൽ അന്നേ ദിവസം 02.30 P.M ന് ആർ.എ.ആർ.എസ്, അമ്പലവയലിൽ വച്ച് പരസ്യ ലേലം നടത്തുന്നതാണ്. പരസ്യ ലേലത്തിൽ ക്വട്ടേഷൻ നൽകിയവർക്ക് മാത്രമേ പങ്കെടുക്കുവാൻ അവസരം ലഭിക്കുകയുള്ളൂ.
3. പരസ്യ ലേലത്തിന്റെ ഏറ്റവും കൂടിയ നിരക്ക് കിട്ടിക്കഴിഞ്ഞാൽ മുൻപ് ലഭിച്ച ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതും ഏറ്റവും കൂടിയ ക്വട്ടേഷനോ/ലേല നിരക്കോ ഉചിതമായി സ്വീകരിക്കുന്നതുമാണ്.
4. ക്വട്ടേഷൻ/ലേല നിരക്കുകൾ തൃപ്തികരമല്ലെങ്കിൽ തിരസ്കരിക്കുവാനുള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.
5. വിജയിയായ ലേലക്കാരൻ അപ്പോൾ തന്നെ മൊത്തം തുകയുടെ മൂന്നിലൊരു ഭാഗം ഓഫീസിൽ അടയ്ക്കേണ്ടതും, ബാക്കി തുക മൂന്ന് ദിവസത്തനകം അടച്ച് പക്ഷിമൃഗാദികളെ സ്വന്തം ചെലവിൽ കൊണ്ടു പോകേണ്ടതുമാണ്.
6. ക്വട്ടേഷൻ/ലേല വിൽപ്പന റദ്ദാക്കുവാനോ മാറ്റിവെയ്ക്കുവാനോ ഉള്ള അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. തൽ സംബന്ധിയായ അസോസിയേറ്റ് ഡയറക്ടറിന്റെ തീരുമാനം അന്തിമമായിരിക്കും.
7. ലേല ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാകുന്ന പക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസം ഇതേ നിബന്ധനകൾക്ക് വിധേയമായി ക്വട്ടേഷൻ/ലേലം നടത്തുന്നതാണ്.
8. ക്വട്ടേഷൻ/ലേലം സംബന്ധിച്ച എല്ലാവിധ സർക്കാർ നിബന്ധനകളും ഇതിനും ബാധകമാണ്. മറ്റ് വിശദ വിവരങ്ങൾ പ്രവർത്തി സമയങ്ങളിൽ ഓഫീസിൽ അന്വേഷിക്കാവുന്നതാണ്.
9. ലേലം ചെയ്യാനുള്ള പക്ഷിമൃഗാദികളെ ഓഫീസ് സമയം സന്ദർശിക്കാവുന്നതാണ്.
10. ക്വട്ടേഷൻ സംബന്ധിച്ച് കൂടുതൽ അറിയുന്നതിന് rarsamb@kau.in എന്ന വിലാസത്തിൽ മെയിൽ അയക്കുകയോ 04936-260421 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാം.

ഒപ്പ്/-

അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്(i/c)

പകർപ്പ് : വിതരണത്തിന്/ഫാം സൂപ്രണ്ട്/കെ.എ.യു വെബ്സൈറ്റ്, നോട്ടീസ് ബോർഡ്

REGIONAL AGRICULTURAL RESEARCH STATION AMBALAVAYAL KERALA AGRICULTURAL UNIVERSITY

//അംഗീകാരത്തോടെ അയയ്ക്കുന്നത്//

സെക്ഷൻ ഓഫീസർ